കളെയാണ് ഇന്ന് ആവശ്യമുള്ളത്. ഇനി ആരംഭിക്കാൻ പോകുന്ന, പുതിയ പ്രൊഫഷണൽ കോളേജുകളിൽ ഇത്തരം കോഴ്സുകൾകൂടി ആരംഭിക്കാനും സർവ്വകലാശാലയുടെ പരിധിയിൽ കൊണ്ടുവരാനും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ജി. സുധാകരൻ : സർ, തീർച്ചയായിട്ടും സർവ്വകലാശാല തുടങ്ങുകയാണെങ്കിൽ, നയപരമായ ഒരു തീരുമാനമെടുത്തിട്ടില്ലെന്ന് ഞാൻ പറഞ്ഞു. പക്ഷേ അത് നിഷേധിക്കേണ്ട ഒരു കാര്യമല്ല. പോസിറ്റീവായി തന്നെയാണ് ചർച്ച ചെയ്യുന്നത്. ഇന്നല്ലെങ്കിൽ നാളെ അത് സഫലീകരിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്ത് സഫലീകരിക്കാൻ കഴിയുമോ എന്ന് എനിക്ക് പറയാൻ കഴിയില്ല. അങ്ങ് പറഞ്ഞ പ്രശ്നം, ഒരു സാധാരണ യൂണിവേഴ്സിറ്റിയായിട്ട് കാര്യമില്ല. ഇത് എപ്പോൾ വന്നാലും ഒരു പ്രത്യേകതരം യൂണിവേഴ്സിറ്റിയായിരിക്കും. ഈ പറഞ്ഞ കാര്യങ്ങൾക്കെല്ലാം നല്ല അക്കാഡമിക് പൊസിഷൻ അതിലൂടെ ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്.

IV സബ്മിഷൻസ്

(1) വേരിയബിൾ ഡി.എ.യിൽ ഉണ്ടായ കുറവ്

ശ്രീ. വി. ഡി. സതീശൻ : സർ, മാസാമാസങ്ങളിലെ കനോള നിലവാര സൂചികയ്ക്ക് അനുസരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കി നൽകുന്ന വേരിയബിൾ ഡി.എ.യിൽ എറണാകുളം ജില്ലയിൽ 2001-ന് ശേഷം വ്യാപകമായ കുറവ് വന്നിരിക്കുകയാണ്. ഇതുമൂലം വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് വൻ നഷ്ടങ്ങളാണ് വർഷങ്ങളായി ഉണ്ടായിരിക്കുന്നത്. ആയിരക്കണക്കിന് രൂപയുടെ നഷ്ടമാണ് എറണാകുളം ജില്ലയിലെ തൊഴിലാളികൾക്ക് ഉണ്ടായിരിക്കുന്നത്. 2002-ൽ നടന്ന വിങ്കിംഗ് ഫാക്ടർ റീ-ഫിക്സേഷനിലെ അപാകതമൂലമാണ്, ഈ സൂചിക വല്ലാതെ താഴേക്ക് പോയിരിക്കുന്നത്. പഠനവിധേയമായ വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലും എറണാകുളം ജില്ലയിലെ കനോള വിലനിലവാരം അഭൂതപൂർവ്വമായി വർദ്ധിക്കുകയാണുണ്ടായത്. എന്നാൽ താരതമ്യേന കുറവുള്ള വർഷത്തെ കവറേജ് പരിഗണിച്ച് വിങ്കിംഗ് ഫാക്ടറുണ്ടാക്കിയതിനാൽ ഇതിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് വൻനഷ്ടമുണ്ടായി. ഫുഡ് ഇന്റെക്സ് കണ്ടുപിടിക്കുന്നതിന് പഴയ ഒരു ശീലമാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ വണ്ട് ഉണ്ടായിരുന്ന വിഭവങ്ങളായ കപ്പ, മീൻ, അരി എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിന് മാത്രമാണ് വെയിറ്റേജ് കൊടുത്തിരിക്കുന്നത്. ഇപ്പോൾ ധാരാളം പച്ചക്കറിയും പഴവർഗ്ഗങ്ങളും ചിക്കൻ, മട്ടൺ ഉൾപ്പെടെയുള്ള നോൺ-വെജിറ്റേറിയനൊക്കെ സാധാരണക്കാരായ ആളുകൾകൂടി ഉപയോഗിക്കുന്നുണ്ട്. ഇപ്പോഴത്തെ ആളുകൾ ഉപയോഗിക്കുന്നതിൽ അഞ്ച് ശതമാനത്തിന് മാത്രം വെയിറ്റേജ് കൊടുത്തിരിക്കുന്നതുകൊണ്ടാണ് ഈ വേരിയബിൾ ഡി.എ.യിൽ വലിയ വ്യത്യാസം വന്നിരിക്കുന്നത്. കേരളത്തിലെ 17 കേന്ദ്രങ്ങളിൽ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

കുറവ് വെയിറ്റേജ് കിട്ടുന്നത് എറണാകുളം ജില്ലയിലാണ്. കനോളെ വില നിലവാരം ഏറ്റവും കൂടുതലുള്ള സ്ഥലമാണ് എറണാകുളം. ഇന്റർനാഷണൽ എയർപോർട്ട്, വല്ലാർപാടം കണ്ടയിനർ ടെർമിനൽ, ഇൻഫോ പാർക്ക്, വലിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഒരുപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന എറണാകുളത്ത് മറ്റ് പല സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി നിരോധനോപയോഗ സാധനങ്ങളുടെ വിലനിലവാരം അടിക്കടി വർദ്ധിച്ച് സാധാരണക്കാർക്ക് ജീവിതം പോലും താങ്ങാൻ കഴിയാത്ത വിധം ഉയർന്നിരിക്കുകയാണ്. വിങ്കിംഗ് ഫാക്ടർ റീ-ഫിക്സേഷനിലെ കാലതാമസം ഒഴിവാക്കുകയും അർഹതക്ക് അനുസരിച്ച് ഇൻക്രിമെന്റിന്റെ മാനദണ്ഡം മാറ്റി ഹൈഡ് ഇൻക്രിമെന്റ് തീരുമാനിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. സാധാരണക്കാരായ തൊഴിലാളികളുടെ അവർഹതപ്പെട്ട വേരിയബിൾ ഡി.എ വല്ലാതെ കുറഞ്ഞുപോകുന്നത് പരിഹരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

*മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കേരളത്തിലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽവരുന്ന കാർഷിക തൊഴിലാളികളുടെയും വ്യവസായ തൊഴിലാളികളുടെയും വേരിയബിൾ ഡി.എ. കണക്കാക്കുന്നതിലേക്കായി ഉപഭോക്തൃ വില സൂചിക മാസാമാസങ്ങളിൽ തയ്യാറാക്കിവരുന്നു. 1998-99 അടിസ്ഥാന വർഷമായി കർഷകത്തൊഴിലാളികളുടെയും വ്യവസായിക തൊഴിലാളികളുടെയും കുടുംബ ബഡ്ജറ്റ് സർവ്വേ തൊഴിലാളി സംഘടനാ പ്രതിനിധികളും തൊഴിൽ ദാതാക്കളുടെ പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന കമ്മിറ്റി ഓഫ് ഡയറക്ഷന്റെ നിയന്ത്രണത്തിൽ വകുപ്പ് നടത്തുകയുണ്ടായി. ഉപഭോക്തൃസാധനങ്ങളുടെ അടിസ്ഥാന വർഷത്തെ 1998-99-ലെ വിലകളും കുടുംബ ബഡ്ജറ്റ് സർവ്വേയിലൂടെ തയ്യാറാക്കുന്ന അവയുടെ വെയ്റ്റേജും തുടർന്നുള്ള ഓരോ മാസങ്ങളിലെയും ഉപഭോഗ സാധനങ്ങളുടെ വിലയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഓരോ മാസവും ഉപഭോക്തൃവില സൂചിക തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ ഉപഭോക്തൃവിലസൂചിക മിനിമം വേജ് ആക്ടിന്റെ പരിധിയിൽ വരുന്ന കാർഷിക തൊഴിലാളികളുടെയും വ്യാവസായിക തൊഴിലാളികളുടെയും വേരിയബിൾ ഡി.എ. കണക്കാക്കുന്നതിന് വിവിധ തൊഴിൽ ഉടമകൾ ഉപയോഗിക്കുന്നു. 1998-99-ൽ കമ്മിറ്റി ഓഫ് ഡയറക്ഷന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടും വിങ്കിംഗ് ഫാക്ടറും സർക്കാർ 13-2-2001-ലെ ജി.ഒ. നമ്പർ 509/2001 എൽ.ബി.ആർ. പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എറണാകുളം സെന്ററിലെ 2001 മുതലുള്ള ഉപഭോക്തൃ വിലസൂചിക പരിശോധിക്കുമ്പോൾ കുറവ് വന്നതായി കാണുന്നില്ല. തൊഴിൽ ദാതാക്കൾ വേരിയബിൾ ഡി.എ. നൽകുന്നത് വേജ് ഘടന അല്ലെങ്കിൽ മിനിമം വേജ് എഗ്രിമെന്റ് വേജിന്റെ അടിസ്ഥാനത്തിലാണ്. വേജ് നിർണ്ണയത്തിന് ആവശ്യമായ ഉപഭോക്തൃവില സൂചിക തയ്യാറാക്കി നൽകുക എന്നതുമാത്രമാണ് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. വേജ് നിർണ്ണയത്തിൽ എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഇടപെടാറില്ല. ഉപഭോക്തൃവില

LIBRARY ARCHIVES Kerala Legislative Assembly

സൂചിക പുതുക്കി നിശ്ചയിക്കുന്നതിനായി പുതിയ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്താൻ സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ സർവ്വേ നടത്തുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നതിനുള്ള കമ്മിറ്റി ഓഫ് ഡയറക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്തൃവില സൂചികയും വിങ്കിംഗ് ഫാക്ടറും പുതുക്കി നിശ്ചയിക്കുന്നതിനുള്ള എല്ലാ നടപടികളും ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.

(2) സാക്ഷരത പ്രേരക്മാരുടെ ഓണറേറിയം

ശ്രീ. വി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിനുശേഷം അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സേവനം സാക്ഷരതാ മിഷന്റെ തുടർവിദ്യാഭ്യാസ പ്രവർത്തനമാണ്. ജീവിതത്തിന്റെ ആദ്യകാലത്ത് സ്കൂളിൽ പോകാൻ കഴിയാതെ പഠനം മുടങ്ങി പോയിട്ടുള്ളവർക്ക് ഏറ്റവും വലിയ സഹായമാണ് സാക്ഷരതാ മിഷൻ നടത്തിയ പ്രവർത്തനം. നാലാം ക്ലാസ് തുല്യത, ഏഴാം ക്ലാസ് തുല്യത, പത്താം തരം തുല്യത പരീക്ഷ പാസ്സായി അതിന്റെ സർട്ടിഫിക്കറ്റോടുകൂടി വിവിധ മേഖലകളിൽ ഇന്ന് ഗുണകരമായിട്ടുള്ള നിലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കായ ആളുകളുണ്ട്. അവർക്ക് ഈ പഠന പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യുന്ന സാക്ഷരതാ പ്രേരക്മാർക്ക് വലിയ ഒരു തുക മാത്രമേ പ്രതിഫലമായിട്ട് കിട്ടുന്നുള്ളു. പ്രേരക്മാർക്ക് 900 രൂപയും അസിസ്റ്റന്റ് പ്രേരക്മാർക്ക് 700 രൂപയുമാണ് കിട്ടുന്നത്. ഒരു മാസം എങ്ങനെയാണ് അവരുടെ ജീവിത ചെലവുമായി പൊരുത്തപ്പെടാൻ കഴിയുക. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടിയാണ് ഈ പ്രവർത്തനം നടത്തിവന്നിരുന്നത്. കേന്ദ്ര ഗവൺമെന്റ് ആ സഹായം ഇപ്പോൾ നിർത്തിയിരിക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിനുവേണ്ടി നടത്തിയ പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് തന്നെ അതിന് ബഡ്ജറ്റ് വിഹിതം വകയിരുത്തിയിരിക്കുകയാണ്. ആയിരക്കണക്കായ സാക്ഷരത പ്രേരക്മാർക്ക് ഇപ്പോൾ കിട്ടുന്ന തുച്ഛമായിട്ടുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ സഹായം, സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതം, സ്വയാർജ്ജിതമായ വരുമാനം എന്നിവ മൂന്നുംകൂടി ചേർത്തുകൊണ്ടാണ് ഈ പ്രേരക്മാർക്ക് ഒരു വലിയ ആശ്വാസമെന്ന നിലയ്ക്ക് സാമ്പത്തിക സഹായം നൽകിപ്പോരുന്നത്. നമ്മൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പൊതുവിൽ നൽകിയിട്ടുള്ള സന്ദേശം, ഇത് വരുമാനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമായി സാക്ഷരതാ പ്രവർത്തനം കാണരുത്, സമൂഹത്തോടുള്ള തങ്ങളുടെ ഒരു സേവനം നിറവേറ്റുന്നതിന്റെ ഭാഗമായി സാക്ഷരതാ പ്രവർത്തനത്തെ കാണണമെന്നാണ്. അതേ സമയം

LIBRARY ARCHIVES Kerala Legislative Assembly